HON'BLE MR. K. M. KORAH : ഇപ്പോഴത്തെ അതിന്റെ അവശ്യമില്ലാതെയാണിരിക്കുന്നത്.

MR. P. T. CHACKO . ഇതിൽനിന്നും പിരിച്ചുവയ്ക്കുന്ന തുകകൊണ്ട് എന്തെങ്കിലും ജോലി കൊടുക്കുവാൻ ഗവണ്മെന്റ് വ്യവസ്ഥ ചെയ്യുന്നുണ്ടോ ?

HON'BLE MR. K. M KORAH : അതേപ്പറ്റി ആലോചിക്കാം.

MR. A. P. UDAYABHANU (*Karunagapally II—General*): Have you been able to bring the disease under control ?

HON'BLE MR. K. M. KOKAH: There is no disease at present.

Kundara Clay Factory.

187. MR. P. S. MUHAMMED (*Moovattupuzha I—Muslim*): Will the Honourable Minister for Industries be pleased to state:

(*a*) whether he has visited the Clay Factory at Kundara belonging to Government;

(*b*) if so, when;

(*c*) the number of clerks and Superior officers in the factory; and

(*d*) the number of coolies working in the factory ?

HON'BLE MR. T. M. VARGHESE : (എ) കുണ്ടറ ക്ലേ ഫാക്ടറി പോയി നോക്കിയിട്ടുണ്ട്.

(ബി) ഇയ്യാണ്ടു മിഥുനമാസം ർ-ാംന-യാണ്.

(സി) ക്ലേ ഫാക്ടറിയിൽ, ഗസറ്റഡ് ആഫീസർ ഒന്നും, ക്ലാർക്കന്മാർ മൂന്നുപേരും, മറ്റു സൂപ്പീരിയർ ആഫീസറന്മാർ മൂ പേരുമാണ്.

(ഡി) അവിടെ ജോലിചെയ്യുന്ന കൂലിക്കാർ ൪ ൦ ൦.

MR. K. RAMACHANDRAN (*Pathanamthitta I—Kammala Reserved*): അവിടെ ഒരു വാഷിംഗ് പ്ലാന്റു വെറുതെ കിടക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ഇല്ല.

MR. P. T. CHACKO : ആ ഫാക്ടറിയിൽ വേലചെയ്യുന്ന മതാഴിലാളികൾക്ക്, കഴിഞ്ഞ വർഷത്തിൽ ബോണസ്സ് കൊടുത്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : മൂ൭-ൽ കൊടുത്തിട്ടുണ്ട്. മൂ൮-ൽ കൊടുത്തിട്ടില്ല. കണക്കുതീർത്തു് ആയതു ഉടനെ കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMACHANDRAN : അവിടെ ക്ലേ വാഷിംഗ് പ്ലാന്റ് വെറുതെ കിടക്കുകയാണെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

HON'BLE MR. T. M. VARGHESE : അയ്യോ ഞാൻ മുൻപേ പറഞ്ഞു കഴിഞ്ഞു. ഗവണ്മെന്റിന്റെ അറിവിൽ പെട്ടിട്ടില്ല.

MR. K. RAMACHANDRAN : രണ്ട് പ്ലാന്റ് അവിടെ ഉണ്ടാക്കി വച്ചിട്ടുണ്ട്. ഒരെണ്ണത്തിൽ മാത്രമെ ജോലി നടക്കുന്നുള്ളൂ. ഒന്ന് വെറുതെ കിടക്കുകയാണ്. ഗവണ്മെന്റ് അതേപ്പറ്റി അന്വേഷിക്കുമോ?

HON'BLE MR. T. M. VARGHESE : പല അന്വേഷണങ്ങളും നടത്തുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ കാര്യംകൂടി പ്രത്യേകം അന്വേഷിക്കുന്നതായിരിക്കും.

MR. ABUDL AZIZ *(Trivandrum II—Muslim Reserved)* : ഇപ്പോൾ ആ ഫാക്ടറി നഷ്ടത്തിലാണോ, ലാഭത്തിലാണോ?

HON'BLE MR. T. M. VARGHESE : ലാഭത്തിലാണ്.

MR. P. T. CHACKO : അവിടെ ഒരു ഫർണേസ് പണികഴിപ്പിച്ചിട്ടുണ്ട് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണോ?

HON'BLE MR. T. M. VARGHESE : അല്ല.

Interim Government.

188. MR. P. S. MUHAMMED : Will the Honourable Minister for Political and General be pleased to state :

(*a*) whether the Government knows that in the Interim Government functioning at Mysore, the Congress Prime Minister has chosen a Muslim Leaguer as his collegue in the Cabinet ; and

(*b*) whether the Government is aware that in the Ministry of Pandit Nehru there are non-Congressmen as his collegues ?

HON'BLE MR. A. THANU PILLAI : ഈ സംഗതിയെപ്പറ്റി ഗവണ്മെന്റിനറിവില്ല

MR. P. S. MUHAMMED : കാൺഗ്രസ്സ് ഗവണ്മെന്റ് മി. അംബെഡ്കറെ ക്യാബിനറിൽ എടുത്തിട്ടുണ്ട്. മി. അംബഡ്കർ കാൺഗ്രസ്സിലെ അംഗമാണോ?

HON'BLE MR. A. THANU PILLAI : ഗവണ്മെന്റിനറിവില്ല.

MR. ABDUL AZIZ : ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തിപരമായ നിലയിൽ അതേപ്പറ്റി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly